രക്ഷയുടെ പാതയിൽ-൬



6

# ഈശോയെ അനുഭവിച്ച ജനം


## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം



1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം 7

# നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ



- അവനെ കവർ അമ്പരന്നുപോയി. മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല. ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല. അവൻ മനുഷ്യരാൽ നിന്ദിക്കപ്പെടുകയും, ഉപേക്ഷിക്കപ്പെടുകയും ചെയ്തു. അവൻ വേദനയും ദുഖവും നിറഞ്ഞവനായിരുന്നു. അവനെ കവർ മുഖം തിരിച്ചുകളഞ്ഞു.



- എന്നാൽ ദൈവം അവനെ പ്രഹരിക്കുകയും ശിക്ഷിക്കുകയും ദണ്ഡിപ്പിക്കുകയും ചെയ്തെന്നു നാം കരുതി, നമ്മുടെ വേദനകളാണ് യതാർത്ഥത്തിൽ അവനെ വഹിച്ചത്. നമ്മുടെ ദുഖങ്ങളാണ് അവൻ ചുമന്നത്.... നമ്മുടെ അതിക്രമങ്ങൾക്കുവേി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേി ക്ഷതമേല്പിക്കപ്പെട്ടു. ഏശയ്യാ പ്രവാചകൻ സഹനദാസനെക്കുറിച്ചു നൽകിയ ചിത്രമാണിത്. ഈശോയിൽ ഈ പ്രവചനങ്ങൾ പൂർത്തിയായി.



- സകല മനുഷ്യരുടെയും പാപപരിഹാരത്തിനുള്ളബലിയായി ഈശോ സ്വയം സമർപ്പിച്ചു. ചമ്മട്ടിയടിയേറ്റ് ദേഹമാസകലം മുറിവേറ്റു. ശിരസ്സിൽ മുൾമുടിയണിഞ്ഞും കയ്യിൽ ഞാങ്ങണയേന്തിയും പരിഹാസിതനായി നിൽക്കുന്ന ഈശോ സഹനദാസന്റെ ചിത്രം തന്നിൽ പൂർത്തിയാക്കി.



# പീഡാനുഭവ പ്രവചനങ്ങൾ

- ദൈവപിതാവനാൽ നിയുക്തനായ സഹനദാസനാണു താൻ എന്ന ബോധ്യം ഈശോയ്ക്കുായിരുന്നു. മൂന്നു പ്രാവശ്യം ഈശോ തന്റെ മരണത്തെക്കുറിച്ച് പ്രവചിച്ചിരുന്നത് ഇതാണ് വെളിപ്പെടുത്തുന്നത്. പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നത് ഭക്ഷണത്തെക്കാൾ വിലപ്പെട്ടതായി കരുതിയ ഈശോ സഹനത്തിന്റെ പാതയിൽ നിന്നു തന്നെ അകറ്റാൻ ആരെയും അനുവദിച്ചില്ല. 'ഇതു നിനക്കു സംഭവിക്കാതിരിക്കട്ടെ" എന്നു പറഞ്ഞ പ്രിയശിഷ്യനോടു "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ" എന്നു പറയാനും അവിടുന്ന് മടിച്ചില്ല.





- ഈശോയുടെ പീഡാനുഭവ പ്രവചനം കേട്ട് പത്രോസ് അവനെ മാറ്റി നിർത്തി തടസ്സം പറയാൻ തുടങ്ങി. "ദൈവം കനിയട്ടെ! കർത്താവേ, ഇതൊരിക്കലും നിനക്കു സംഭവിക്കാതിരിക്കട്ടെ" ഈശോ തിരിഞ്ഞ് പത്രോസിനോടു പറഞ്ഞു "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ. നീ എനിക്കു പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല മാനുഷികമാണ്.

# മരുഭൂമിയിൽ ഉയർത്തപ്പെട്ട സർപ്പം

മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, തന്നിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേിയിരിക്കുന്നു.

മന്നായും വെള്ളവും കാടപ്പക്ഷിയുമെല്ലാം നൽകി നയിച്ചു. രാത്രിയിൽ ദീപസ്തംഭമായും പകൽ മേഘസ്തംഭമായും ദൈവം അവരുടെകൂടെ നടന്നു. “ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽ നിന്നു കൊുവന്നതെന്തിന്?” ഇവിടെ അപ്പമോ വെള്ളമോ ഇല്ല. വിലകെട്ട ഈ അപ്പം തിന്നു ഞങ്ങൾ മടുത്തു. മോശയോടു ജനം വഴക്കിടുന്നതു ദൈവം കേട്ടു. അവിടുന്ന് അവരുടെ ഇടയിലേക്ക് ആഗ്നേയസർപ്പങ്ങളെ അയച്ചു. അവയുടെ ദംശനമേറ്റ് അനേകർ മരിച്ചു.





***മോശ കർത്താവിനോടു പ്രാർത്ഥിച്ചു. ദൈവം മോശയോടു പറഞ്ഞു. "ഒരു പിച്ചള സർപ്പത്തെ ഉണ്ടാക്കി വടിയിൽ ഉയർത്തി നിർത്തുക സർപ്പദംശനമേൽക്കുന്നവർ അതിനെ നോക്കിയാൽ മരിക്കുകയില്ല" മോശ ദൈവം കൽപ്പിച്ചതുപോലെ ചെയ്തു. സർപ്പത്തെ നോക്കിയവരൊക്കെ ജീവിക്കുകയും ചെയ്തു.***

***പാപത്തിന്റെ ദംശനമേറ്റ് നിത്യനാശമടയുന്നവർക്ക് രക്ഷയേകാൻ ഈശോ കുരിശിൽ ഉയർത്തപ്പെട്ടു. പ്രത്യാശയോടെ അവനെ നോക്കുന്നവരൊക്കെ ജീവൻ നേടുന്നു. അങ്ങനെ പിച്ചളസർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായി.***

കാൽവരിയിൽ കുരിശിൽ ഉയർത്തപ്പെട്ട നമ്മുടെ രക്ഷനായ ഈശോ ലോകത്തെ മുഴുവൻ ആകർഷിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി നമ്മുടെ മുറിവുകളും വേദനയും എല്ലാം ഏറ്റെടുത്ത ഈശോയെ നമുക്ക് സ്നേഹിക്കാം, രക്ഷകനായി ഏറ്റു പറയാം.

സഭയിലും സമൂഹത്തിലും വേദനിക്കുന്നവരുടെ ദുഖങ്ങൾക്ക് ആശ്വാസം നൽകാനുള്ള കടമ ക്രിസ്തു ശിഷ്യരായ നമുക്കു്.



# നമുക്കു പ്രാർത്ഥിക്കാം

സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തെയും അതിന്റെ ദുർവാസനകളെയും അങ്ങയോടുകൂടെ ക്രൂശിക്കുന്നതിനു ഞങ്ങളെ ശക്തരാക്കണമേ.

## നമുക്കു പാടാം



മൂശേ മരുഭൂവിലുയർത്തിയ നാഗം
മൃതിഭയമേതുമകറ്റി പാരിൽ
ഗാഗുൽത്തായിലുയർത്തിയ സ്ലീവാ
മൃതിയുടെ മൃതിയായ്ത്തീർന്നു നൂനം
മർത്യനു ശാശ്വത ജീവൻ നൽകും
കുരിശിനെവാഴ്ത്തി വണങ്ങീടുന്നേൻ.

# ദൈവവചനം വായിക്കാം

# വിവരിക്കാം

(ഏശയ്യാ. 52:13-53:12)



# വഴികാട്ടാൻ ഒരു തിരുവചനം

“നമ്മുടെ അതിക്രമങ്ങൾക്കുവേി അവൻ മുറിവേല്പിക്കപ്പെട്ടു. നമ്മുടെ അകൃത്യങ്ങൾക്കുവേി ക്ഷതമേൽപ്പിക്കപ്പെട്ടു.

(ഏശയ്യാ. 53:5)

# എന്റെ തീരുമാനം

**എനിക്കായി സഹിച്ച ഈശോയെപ്പോലെ മറ്റുള്ളവരുടെ നന്മക്കായി ത്യാഗമേറ്റെടുക്കേി വരുന്ന അവസരങ്ങളിൽ സന്തോഷത്തോടെ ഞാനതു ചെയ്യും.**

Thank you